സർക്കാർ അതിഥി മന്ദിരങ്ങളുടെ നവീകരണം

357(2826) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഓരോ സർക്കാർ അതിഥിമന്ദിരങ്ങളിലുമുള്ള മുറികളുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് സർക്കാർ അതിഥിമന്ദിരത്തിൽ മുറികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അഡീഷണൽ കെട്ടിടം പണിയുന്നതിന് ആലോചനയുണ്ടോ; പ്രസ്തുത ആവശ്യം ഉന്നയിച്ച കത്തുകൾ നൽകിയ വ്യക്തികളുടെയും സംഘടനകളുടെയും പേരുകൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിന് ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഗസ്റ്റ് ഹൗസുകളിലെ മുറികളുടെ ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

കേരള ഹൗസ്, മുംബൈ	-	13
കേരള ഹൗസ്, കന്യാകുമാരി	-	13
തിരുവനന്തപുരം	-	65
കൊല്ലം	-	26
പത്തനംതിട്ട	-	9
എറണാകുളം	-	78
തൃശ്ശൂർ	-	37
ഇടുക്കി	-	40
ആലപ്പുഴ	-	13
കോട്ടയം	-	8
പാലക്കാട്	-	12
മലപ്പുറം	-	8
കോഴിക്കോട്	-	13
വയനാട്	-	8
കണ്ണൂർ	-	34
കാസർഗോഡ്	-	12

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് ശ്രീ. സി. ടി. അഹമ്മദ് അലി എം.എൽ.എ., ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ. എന്നിവർ കത്തുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

(സി) ഈ ആവശ്യത്തിനായി ഫണ്ട് വകയിരുത്തിയിട്ടില്ല.

അതിരപ്പിള്ളി ടെയ്ക്-എ-ബ്രേക്ക് പദ്ധതി

358(2827) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(

എ) സംസ്ഥാന വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്ന 'ടെയ്ക്-എ-ബ്രേക്ക്' പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്ത് വക ദേശീയ പാതയോട് ചേർന്ന സ്ഥലത്ത് ആധുനിക ടോയ്ലെറ്റ് സൗകര്യങ്ങളോടുകൂടിയ വിശ്രമകേന്ദ്രം പണിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) അതിരപ്പിള്ളിയിലെ മലക്കപ്പാറയിൽ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് 'ടെയ്ക് എ ബ്രേക്ക് പദ്ധതി' നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളത് എന്നും എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ ?

ഉത്തരം

(എ) നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള ടേക്ക്-എ-ബ്രേക്ക് യൂണിറ്റുകളിൽ ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്ത് വക സ്ഥലം ഉൾപ്പെട്ടിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly